# 1. ലിയനിദ് ബ്രെഷ്നേവ്

ലോകത്തിലെ ഏററവും വലിയ രാജ്യമാണ് സോവിയററ് യൂണിയൻ. ഭൂഗോളത്തിലെ കരപ്രദേശത്തിൻെറ ആറിലൊരു ഭാഗത്ത്, ഇരുന്നൂററിയിരുപത്തിനാലു ലക്ഷം ചതുരശ്ര കിലോമീററർ പ്രദേശത്ത് ഈ മഹാരാജ്യം വ്യാപിച്ചുകിടക്കുന്നു. ഇന്ത്യയുടെ ഏട്ടിരട്ടിയോളം വലിപ്പമുണ്ട് സോവിയററ് യൂണിയന്. പതിനഞ്ചു യൂണിയൻ റിപ്പബ്ലിക്കുകളായി സംഘടിച്ച, നൂറിൽപ്പരം ദേശങ്ങളിലും ദേശീയവിഭാഗങ്ങളിലുംപെട്ട, ഇരുപത്താറു കോടി അറുപത്താറു ലക്ഷം ജനങ്ങൾ, സോവിയററ് പൗരന്മാരാണ് തങ്ങൾ എന്നതിൽ അഭിമാനിക്കുന്നു. (സോവിയററ് യൂണിയനിലുള്ളതിൻെറ രണ്ടര ഇരട്ടിയിലേറെ ജനങ്ങൾ ഇന്ത്യയിലുണ്ട്.) ജനതകളുടെയും ഭാഷകളുടെയും സംസ്കാരങ്ങളുടെയും വൈവിധ്യത്തിൽ ഇന്ത്യയും സോവിയററ് യൂണിയനും ഏറെക്കുറെ ഒരുപോലെയാണ്.

സ്വേച്ഛാധിപതികളായിരുന്ന സാർ ചക്രവർത്തിമാരുടെ ദുർഭരണത്തിനു കീഴിൽ ഞെരങ്ങിക്കൊണ്ടിരുന്ന റഷ്യൻ സാമ്രാജ്യം, ഒന്നാം മഹായുദ്ധത്തിലെ പരാജയങ്ങളെത്തുടർന്ന്, 1917-ൽ ലെനിൻെറ നേതൃത്വത്തിൽ നടന്ന ഒക്ടോബർവിപ്ലവത്തിനു ശേഷം, സോവിയററ് യൂണിയൻ ആയിത്തീർന്നു. അവിടെ എല്ലാ അധികാരവും അദ്ധ്വാനിക്കുന്ന ജനങ്ങൾ കൈയടക്കി. ആ രാജ്യത്തിലെ ഫാക്ടറികളും കൃഷിയിടങ്ങളും കച്ചവടസ്ഥാപനങ്ങളും ഖനികളും വനങ്ങളും ജലാശയങ്ങളും എല്ലാം ജനങ്ങളുടെ പൊതുസ്വത്തായി. സ്വയം അധ്വാനിച്ചു കിട്ടുന്ന വരുമാനം കൊണ്ട് സുഖമായി ജീവിക്കാനല്ലാതെ, അന്യരെക്കൊണ്ട് അധ്വാനിപ്പിച്ച്, അവരുടെ പ്രയത്നഫലം ചൂഷണം ചെയ്ത്, അലസരായി ആഡംബരജീവിതം നയിക്കാൻ സോവിയററ് യൂണിയനിൽ ഒരാൾക്കും അധികാരമില്ല. തൊലിയുടെ നിറമോ, ഭാഷയോ, ജാതി-മതഭേദങ്ങളോ ആ മഹാരാജ്യത്തിലെ ജനങ്ങൾക്കിടയിൽ ഉച്ചനീചത്വങ്ങൾ സൃഷ്ടിക്കുന്നില്ല. പരിപൂർണമായ സ്ത്രീപുരുഷസമത്വം സോവിയററ് യൂണിയനിൽ നിലവിൽ വന്നിരിക്കുന്നു. സാമ്പത്തികസുസ്ഥിതിയിലും സൈനികശക്തിയിലും ലോകത്തിലെ മറേറതൊരു രാജ്യത്തിൻെറയും പിന്നിലല്ല ഇന്ന് സോവിയററ് യൂണിയൻ.

വിപുലമായ ഈ ഭൂഖണ്ഡത്തിലെ വിഭിന്ന സാംസ്കാരികപാരമ്പര്യങ്ങളുള്ള ജനകോടികളെ ഉദ്ഗ്രഥിച്ച്, മനുഷ്യചരിത്രം തിരുത്തിക്കുറിച്ച ഒരു മഹാരാഷ്ട്രമാക്കി വളർത്തിക്കൊണ്ടുവരുകയെന്ന പ്രക്രിയയ്ക്കു നേതൃത്വം നൽകിയവർ മുഖ്യമായും, മൂന്നു പേരാണ്—ലെനിൻ, സ്റ്റാലിൻ, ബ്രെഷ്നേവ്. വിപ്ലവത്തിനു ശേഷം ഏറെ വർഷം ജീവിക്കുകയുണ്ടായില്ലെങ്കിലും ലെനിൻെറ മഹത്തായ വ്യക്തിത്വം ഇന്നും സോവിയററ് യൂണിയനിൽ ആകെ നിറഞ്ഞുനില്ക്കുന്നു. ഇരുപത്തൊമ്പതു വർഷങ്ങളോളം ഏകാധിപതിയായി സോവിയററ് യൂണിയൻ ഭരിക്കുകയും, രണ്ടാം മഹായുദ്ധത്തിൻെറ അഗ്നിജ്ജ്വാലകൾക്കിടയിലൂടെ ആ മഹാരാജ്യത്തെ വിജയത്തിലേക്കു നയിക്കുകയും ചെയ്ത സ്റ്റാലിൻെറ വ്യക്തിത്വത്തിൽ പ്രകാശപൂർണ

മായ ഒരു വശവും ഇരുളടഞ്ഞ മറെറാരു വശവുമുണ്ട്. സ്റ്റാലിന്റെ വ്യക്തിത്വം, സന്തുലിതരൂപത്തിൽ, ഇനിയും ചിത്രണം ചെയ്യപ്പെട്ടിട്ടില്ല. ഈ രണ്ടു നേതാക്കൾക്കും തൊട്ടു താഴെയാണ്, നവംബർ 10-ാം തീയതി, എഴുപത്തഞ്ചാം വയസ്സിൽ, പെട്ടെന്നു നിര്യാതനായ ലിയനിദ് ബ്രെഷ്നേവിന്റെ സ്ഥാനം.

ബ്രെഷ്നേവ് തികച്ചും, ഒക്ടോബർവിപ്ലവത്തിന്റെ സന്തതിയാണ്; ആ വിപ്ലവത്തിന്റെ ഫലവും അതിന്റെ പൂർത്തീകരണവുമാണ്. ഒക്ടോബർ വിപ്ലവത്തിനു പതിനൊന്നു വർഷം മുമ്പ്, 1906-ൽ ഉക്രെയ്നിലെ ഒരു ഉരുക്കുനിർമാണകേന്ദ്രമായ ഡ് നിപ്രോദ്സെർഷിൻസ്കിൽ ഒരു തൊഴിലാളികുടുംബത്തിൽ അദ്ദേഹം പിറന്നു. ബ്രെഷ്നേവിന്റെ അച്ഛൻ ജീവകാലമത്രയും ഒരു ഉരുക്കുമില്ലിൽ തൊഴിലാളിയായി പണിയെടുത്തു. ലോഹശാസ്ത്രത്തിൽ വിദ്യാഭ്യാസം നേടിയ ബ്രെഷ്നേവിനും ചെറുപ്പത്തിൽ അതേ മില്ലിൽ തൊഴിലാളിയുടെ പണി കിട്ടി. അപ്പോഴേക്ക് വിപ്ലവത്തിനും ആഭ്യന്തരയുദ്ധങ്ങൾക്കും മററും ശേഷം സോവിയററ് സ്റ്റേററ് സുസ്ഥിരത നേടിക്കഴിഞ്ഞിരുന്നു. സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ആദർശങ്ങളാൽ പ്രചോദിതനായ ബ്രെഷ്നേവ് പതിനേഴാം വയസ്സിൽ യുവകമ്മ്യൂണിസ്റ്റ് ലീഗിൽ അംഗമായി. ഇതിനർത്ഥം, അന്ന് പ്രതിഫലം പ്രതീക്ഷിക്കാതെ സമൂഹസേവനത്തിൽ മുഴുകുകയെന്നതായിരുന്നു. 1929-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അപേക്ഷക അംഗവും, 1931-ൽ ശരിയായ അംഗവുമായി ബ്രെഷ്നേവ് തിരഞ്ഞെടുക്കപ്പെട്ടു. ഇതിനിടയ്ക്ക് അദ്ദേഹം കൃഷിഭൂമിയുടെ മേൽനോട്ടവും പുനരുദ്ധാരണവും സംബന്ധിച്ച കാര്യങ്ങൾ പഠിപ്പിക്കുന്ന ഒരു വിദ്യാലയത്തിൽ ചേർന്ന് പരിശീലനം നേടിക്കഴിഞ്ഞിരുന്നു. 1927-മുതൽ ബ്രെഷ്നേവ് മധ്യറഷ്യയിലെ കർസ്ക് എന്ന സ്ഥലത്തും പിന്നീട് യൂറാൽ പ്രദേശത്തും ഒരു സർവേയർ ആയി പ്രവർത്തിക്കുകയും, കൃഷിഭൂമി ജന്മിമാരിൽനിന്നേറെറടുത്ത് സർക്കാർ മേൽനോട്ടത്തിൽ പുനഃസംഘടിപ്പിക്കുന്ന പ്രവർത്തനത്തിലേർപ്പെടുകയും ചെയ്തു. ജില്ലയിലെ ഭരണാധികാരസമിതിയായ സോവിയററിലേക്ക് ഈ യുവകമ്മ്യൂണിസ്റ്റ് തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് അദ്ദേഹം ലോഹശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. താൻ ആദ്യം തൊഴിലാളിയായി പ്രവർത്തിച്ചിരുന്ന ഉരുക്കുമില്ലിൽ 1935-ൽ ഒരു എൻജിനീയർ ആയി ച്ചേർന്നു. 1938-ൽ ആ പ്രദേശത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഘടകത്തിന്റെ സിക്രട്ടറിയായിത്തീർന്നു അദ്ദേഹം.

1941-ൽ ഹിററ്ലർ സോവിയററ് യൂണിയൻ ആക്രമിച്ചപ്പോൾ ബ്രെഷ്നേവ് പട്ടാളത്തിൽ ചേർന്നു. ക്രമേണ മേജർ ജനറലും നാലാം ഉക്രെയ്നിയൻ സമരമുന്നണിയിലെ മിലിട്ടറി കൗൺസിലിൽ അംഗവും, അതിലെ രാഷ്ട്രീയവിഭാഗത്തിന്റെ തലവനും ആയി ഉയർന്നു. പോളണ്ടും ചെക്കോസ്ലൊവാക്യയും ഹംഗറിയും നാസികളിൽനിന്ന് വിമോചിപ്പിക്കുന്നതിൽ ബ്രെഷ്നേവ് നിർണായകമായ പങ്കു വഹിച്ചു. തന്റെ യുദ്ധകാലാനുഭവങ്ങളെപ്പററി ബ്രെഷ്നേവ് രചിച്ച പുസ്തകം മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

യുദ്ധത്തിനു ശേഷം സോവിയററ് യൂണിയന്റെ പല ഭാഗങ്ങളിലായി, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അദ്ദേഹം പല ഉയർന്ന സ്ഥാനങ്ങൾ വഹിച്ചു. യുദ്ധത്തിന്റെ ഫലമായി തകർന്നുപോയ സോവിയററ് സമ്പദ്വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. 1950-കളിൽ കസാക്കിസ്ഥാനിലെ പുൽപ്രദേശങ്ങളിൽ ലക്ഷക്കണക്കിന് ഹെക്ടാർ സ്ഥലത്ത് ഇദംപ്രഥമമായി വൻതോതിൽ കൃഷി ആരംഭിക്കുന്നതിന് നേതൃത്വം നൽകിയത് ബ്രെഷ്നേവ് ആയിരുന്നു. കൃഷിയുടെ രംഗത്ത്, അമേരിക്കയുമായി താരതമ്യപ്പെടുത്തിയാൽ, സോവിയററ് യൂണി

യൻ ഇപ്പോഴംഎത്രയോ പിന്നിലാണ്. ഈദൗർബല്യം പരിഹരിച്ച്, കാർഷികരംഗത്തു് സോവിയററ് യൂണിയൻ മുന്നേറുന്നതിന് ബ്രെഷ്നേവ് ചെയ്ത അശ്രാന്തപരിശ്രമങ്ങരം ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. കൃഷിയുടെയെന്നപോലെ സോവിയററ് വ്യവസായത്തിൻെറ വളർച്ചയിലും അദ്ദേഹം ശ്രദ്ധ ചെലുത്തി. സർവോപരി, അമേരിക്കയിൽനിന്നുള്ള അണ്വായുധ ഭീഷണിക്കെതിരെ സോവിയററ് യൂണിയൻെറ പാരമ്പര്യസൈനികബലവും അണ്വായുധബലവും പുനഃസംഘടിപ്പിച്ച് ആധുനികീകരിച്ചതിൽ അദ്ദേഹം പ്രസ്താവ്യമായ വിജയം വരിച്ചു. 'ആത്മഹത്യയ്ക്കൊരുങ്ങുന്നവർ മാത്രമേ ഇനി അണുയുദ്ധത്തിനു പുറപ്പെടേണ്ടൂ' എന്ന് ഏകദേശം രണ്ടാഴ്ച മുമ്പ് ബ്രെഷ്നേവ് അമേരിക്കയ്ക്കു താക്കീതു നൽകുകയുണ്ടായി. അമേരിക്കയെ അപ്പാടെ തകർക്കാൻ വേണ്ട അണ്വായുധങ്ങളും, അവ ലക്ഷ്യങ്ങളിലെത്തിക്കുന്നതിനു വേണ്ട റോക്കററുകരം, വിമാനങ്ങരം, മുങ്ങിക്കപ്പലുകരം മുതലായ സംവിധാനങ്ങളും കൈവശമുണ്ടെങ്കിലും, റഷ്യ ഒരിക്കലും ആദ്യമായി അണ്വായുധങ്ങരം പ്രയോഗിക്കുകയില്ലെന്നും, തങ്ങളുടെ നേർക്കു് അമേരിക്ക അണ്വായുധങ്ങരം പ്രയോഗിച്ച് ഒരു യുദ്ധം അഴിച്ചുവിട്ടാൽ തിരിച്ചടി എന്ന നിലയിൽ മാത്രമേ തങ്ങരം അണ്വായുധങ്ങരം പ്രയോഗിക്കുകയുള്ളു വെന്നും ബ്രെഷ്നേവ് പലകുറി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിട്ടും 'ആദ്യമായി അണ്വായുധങ്ങരം പ്രയോഗിക്കുന്നതിനുള്ള അമേരിക്കയുടെ സ്വാതന്ത്ര്യം കൈവിടുകയില്ല' എന്ന നിലപാടിൽ അമേരിക്കൻ പ്രസിഡണ്ട് റേയ്ഗൺ ഇപ്പോഴും ഉറച്ചുനില്ക്കുകയാണ്. ലോകസമാധാനത്തിന് ഇന്നുള്ള ഏററവും വലിയ ഒരു ഭീഷണി റേയ്ഗൺെറ ഈ ശാഠ്യമാകുന്നു.

1952 ൽ സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മററിയിലേക്കു് ബ്രെഷ്നേവ് തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് അദ്ദേഹം കേന്ദ്രക്കമ്മററിയുടെ സെക്രട്ടറിയായിത്തീർന്നു. 1957-ൽ കേന്ദ്രക്കമ്മററിയുടെ അദ്ധ്യക്ഷസമിതിയിൽ (പ്രസീഡിയത്തിൽ) ബ്രെഷ്നേവ് ഒരു അംഗമായി. 1960 മുതൽ 1964 വരെ അദ്ദേഹം സുപ്രീം സോവിയററിൻെറ പ്രസീഡിയത്തിൻെറ പ്രസിഡണ്ട് (രാഷ്ട്രത്തലവൻ) ആയിരുന്നു. സോവിയററ് റഷ്യയുടെ ആഭ്യന്തരഭരണം ചിട്ടപ്പെടുത്തുന്നതിനും വിദേശബന്ധങ്ങരം ശക്തിപ്പെടുത്തുന്നതിനും അദ്ദേഹം ഈ അവസരം ഉപയോഗിച്ചു. 1964-ൽ സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏററവും ഉയർന്ന അധികാരസ്ഥാനത്തേക്കു്—ഒന്നാം സെക്രട്ടറിയുടെ പദവിയിലേക്കു്—അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. മരണംവരെ ഈ സ്ഥാനത്തിരുന്ന് അദ്ദേഹം ഇളവില്ലാതെ പ്രവർത്തിക്കുകയും ചെയ്തു. പാർട്ടിയിലെന്നപോലെ ഗവണ്മെൻറിലും, ഏററവും ഉയർന്ന സ്ഥാനം അദ്ദേഹം ഒരേ സമയം വഹിച്ചുപോന്നു.

കൃഷിക്കും വ്യവസായത്തിനും നൽകിയ അതേ പ്രാധാന്യം ബ്രെഷ്നേവ് ശാസ്ത്രത്തിനും രാജ്യരക്ഷയ്ക്കും നൽകി. അദ്ദേഹത്തിൻെറ കാലഘട്ടത്തിലാണ് സോവിയററ് പൗരനായ യൂറി ഗഗാരിൻ ഭൂമിയുടെ ആകർഷണപരിധിയുടെ പുറത്തേക്കു കടന്നുചെന്നതു്. ബാഹ്യാകാശത്തെ മനുഷ്യൻെറ കീഴിൽ കൊണ്ടുവരുന്നതിൽ അമേരിക്കയുടേതിൽനിന്ന് ഒട്ടും കുറയാത്ത നേട്ടങ്ങരം സോവിയററ് യൂണിയൻ കൈവരിച്ചിട്ടുണ്ട്. രാജ്യരക്ഷാകാര്യങ്ങളിലാണെങ്കിൽ, അമേരിക്കയുടെയും പശ്ചിമയൂറോപ്പിൻെറയും ജപ്പാൻെറയും ഒരുപക്ഷേ, ചൈനയുടേയും സംഘടിതശക്തികരംക്കെതിരെ സോവിയററ് യൂണിയന് ഒററയ്ക്കു ചെറുത്തുനില്ക്കേണ്ടിവന്നേക്കാമെന്ന ആശങ്ക ഒരു കാലത്തും ഇല്ലാതിരുന്നിട്ടില്ല. അങ്ങനെ ലോകമുതലാളിത്തത്തിനെതിരെ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിക്കു് ആയുധമെടുത്തു പൊരുതേണ്ടിവരികയാണെങ്കിൽ, ആ സാധ്യതയ്ക്കു തങ്ങരം തയ്യാറായിട്ടി

ല്ലെന്ന നില വന്നുകൂടരുതെന്ന വിചാരം നിശ്ചയമായും സോവിയററ് അധികൃതർക്ക് ഉണ്ട്.

എങ്കിലും, റഷ്യൻ സൈന്യത്തെ നവീകരിച്ച് ആയുധസജ്ജമാക്കുന്നതിനുള്ള പരിശ്രമങ്ങളേക്കാളേറെ അണ്വായുധങ്ങഠം ഉപയോഗിച്ചുള്ള അവസാനത്തെ ഏററുമുട്ടൽ ഒഴിവാക്കുന്നതിനുവേണ്ടി നടത്തിയ പരിശ്രമങ്ങളാണ് ബ്രെഷ്നേവിനെ മനുഷ്യവർഗത്തിനു മുഴുവൻ പ്രിയങ്കരനാക്കിയത്. രണ്ടാം മഹായുദ്ധത്തിനു ശേഷം, കിഴക്കും പടിഞ്ഞാറുമുള്ള രാജ്യങ്ങഠം തമ്മിൽ യൂറോപ്പിൽ നിലവിൽ വന്ന ശീതസമരം അവസാനിപ്പിക്കുന്നതിനും, വിഭിന്ന സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥിതികഠം പുലർത്തുന്ന രാജ്യങ്ങഠംക്കിടയിൽ സമാധാനപരമായ സഹവർത്തിത്വവും സഹകരണവും നിലവിൽ വരുത്തുന്നതിനും അദ്ദേഹം മുന്നിട്ടു ശ്രമിച്ചു. ഈ സഹവർത്തിത്വമാണ് 'ദേതാന്ത്' എന്നു് അറിയപ്പെടുന്നതു്; അതിൻെറ കാണാവുന്ന പ്രതീകമാണ് യൂറോപ്പിനു് മുഴുവൻ പാചകഗ്യാസ് എത്തിക്കുന്നതിനുദ്ദേശിച്ച് നിർമിക്കപ്പെടുന്ന സൈബീരിയൻ ഗ്യാസ്പൈപ്പ് ശൃംഖല. രണ്ടു വർഷം മുമ്പ് അമേരിക്കയിൽ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട റേയ്ഗൻ, ദേതാന്ത് അവസാനിപ്പിച്ച് ശീതയുദ്ധകാലാവസ്ഥ തിരികെ കൊണ്ടുവരുന്നതിന് കഠിനാദ്ധ്വാനം ചെയ്തുവരുകയാണ്.

ദേതാന്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നപ്പോഴും, ലോകമെങ്ങുമുള്ള വിപ്ലവശക്തികളെ സോവിയററ് യൂണിയൻ കൈവിടുകയുണ്ടായില്ല. പക്ഷേ, ക്യൂബയിൽ മിസ്സൈലുകഠം സ്ഥാപിച്ച് ക്രൂഷ്ചേവ് ചെയ്തമാതിരി, പ്രദർശനവ്യഗ്രതയോടെ സംഘട്ടനത്തിലേക്ക് കാര്യങ്ങഠം നീക്കാൻ ബ്രെഷ്നേവ് ഒരിക്കലും തയ്യാറായില്ല. അമേരിക്കയുടെ അപരിമിതമായ സൈനികശക്തിയെ ചെറുത്തു തോല്പിക്കുവാൻ ഒരു ചെറിയ അവികസിതരാജ്യമായ വിയററ്നാമിനു കഴിഞ്ഞതു് സോവിയററ് യൂണിയൻെറ ഉദാരമായ സഹായം ഒന്നുകൊണ്ടായിരുന്നു. ആഫ്രിക്കയിലെ സോഷ്യലിസ്റ്റ് എത്തിയോപ്പിയ, അംഗോള, മൊസാംബിക് എന്നീ രാജ്യങ്ങളെയും സോവിയററ് യൂണിയൻ കൈയയച്ചു സഹായിക്കുകയുണ്ടായി. ക്യൂബയുടെ സമ്പദ്‌വ്യവസ്ഥ അമേരിക്കൻ ഭീഷണിയെ വെല്ലുവിളിച്ചു നിലകൊള്ളുന്നതു് സോവിയററ് യൂണിയൻെറ ഉള്ളഴിഞ്ഞ സഹായംകൊണ്ടാണ്. സാമ്രാജ്യശക്തികഠംക്ക് എതിരായി ചെറുത്തുനില്ക്കുന്നതിന് ജനാധിപത്യശക്തികളെ സഹായിക്കുകയെന്ന സോവിയററ് നയത്തിന് കാര്യമായ ജയം കൈവരാതെപോയതു് മദ്ധ്യപൗരസ്ത്യപ്രദേശത്തിലെ മുസ്ലിം രാജ്യങ്ങളിൽ മാത്രമാകുന്നു. സോവിയററ് സൈനികസഹായത്തെ ഗണ്യമായി ആശ്രയിച്ചിരുന്ന ഈജിപ്ത് അമേരിക്കൻ ചേരിയിലേക്കു മാറിപ്പോയതു് ഒരു തിരിച്ചടിയായിത്തന്നെ എടുത്തുകാട്ടാവുന്നതുമാണ്.

അഫ്ഘാനിസ്ഥാനിലെ സോഷ്യലിസ്റ്റ് ഗവണ്മെൻറിനെ നിലനിർത്തുന്നതിനായി സോവിയററ് യൂണിയൻ പട്ടാളത്തെ അയച്ചതു്, പാശ്ചാത്യരാജ്യങ്ങളിൽ പരക്കെ പ്രതിഷേധത്തിനു കാരണമാവുകയുണ്ടായി. പക്ഷേ, സോവിയററ് യൂണിയൻ അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ പാകിസ്ഥാനിൽ താവളമുറപ്പിച്ച അമേരിക്കൻ ചാരപ്പട അഫ്ഗാനിസ്ഥാനിൽ, റഷ്യയുടെ അതിർത്തിയിൽ, ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധ സമരകേന്ദ്രം കെട്ടിപ്പടുക്കുമായിരുന്നു എന്ന വസ്തുത വ്യക്തമാണ്. പോളണ്ടിൽ അമേരിക്കയുടെ സഹായത്തോടും വത്തിക്കാൻെറ ആശിസ്സോടും വേരുപിടിച്ചു വളർന്ന സ്വതന്ത്ര തൊഴിലാളിപ്രസ്ഥാനത്തിനെതിരായി നിർണായകമായ നടപടികളെടുക്കാൻ അവിടുത്തെ നിയമാധിഷ്ഠിത ഗവണ്മെൻറിനെ സാമ്പത്തികമായി സഹായിച്ചുവെന്നും സോവിയററ് യൂണിയനെതിരെ ഒരു ആരോപണമായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ രണ്ടു സ്ഥലങ്ങ

ളിലും കൈക്കൊണ്ട ഉറച്ച നടപടികൾവഴി ബ്രെഷ്നേവ് ഛിദ്രശക്തികളെ സോവിയററ് യൂണിയൻെറ ബാഹ്യവലയത്തിൽനിന്നൊഴിച്ചു നിർത്തി. ഈ വസ്തുത അദ്ദേഹത്തിൻെറ ദീർഘദൃഷ്ടിക്കും നയതന്ത്രനൈപുണ്യത്തിന്നും ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. വേണ്ട സമയത്തു ദൃഢമായി 'നില്ക്!' എന്ന് ആജ്ഞാപിക്കാൻ വേണ്ട ധൈര്യം ബ്രെഷ്നേവിന് ഉണ്ടായിരുന്നു.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം, ബ്രെഷ്നേവിൻെറ നേതൃത്വത്തിൽ സോവിയററ് യൂണിയൻ നൽകിയ സഹായം ഒരിക്കലും മറക്കാവുന്നതല്ല. പാകിസ്ഥാൻ ഇന്ത്യയെ ആക്രമിച്ചപ്പോഴെല്ലാം സോവിയററ് യൂണിയൻെറ നയതന്ത്രപരവും സൈനികവുമായ പിൻതുണ ഇന്ത്യക്കു ലഭിച്ചിട്ടുണ്ട്. ബംഗ്ലാദേശിൻെറ വിമോചനകാലത്ത്, ഒരു കോടിയോളം അഭയാർത്ഥികൾ ഇന്ത്യയിലേക്കു തള്ളിക്കയറുകയും, പാകിസ്ഥാനെ സഹായിക്കുന്നതിനായി അമേരിക്കൻ നാവികപ്പട ബംഗാൾ ഉൾക്കടലിലേക്കു നീങ്ങുകയും ചെയ്തപ്പോൾ, ഇന്ത്യയെ നിവർന്നുനില്ക്കാൻ സഹായിച്ചതു് സോവിയററ് യൂണിയനായിരുന്നു. ഉരുക്ക്, എണ്ണ മുതലായ അടിസ്ഥാനവ്യവസായങ്ങളിൽ ഇന്ത്യയെ സ്വയംപര്യാപ്തത നേടുന്നതിന് സഹായിച്ചുകൊണ്ടിരിക്കുന്നതും സോവിയററ് യൂണിയൻതന്നെ. അണുശക്തിരംഗത്തിലും ഇന്ത്യയുടെ തുണയ്ക്ക് എത്താനുള്ള സന്നദ്ധത സോവിയററ് യൂണിയൻ പ്രകടിപ്പിച്ചിട്ടുണ്ട്. സ്വതന്ത്രഭാരതത്തിൻെറ വിദേശനയത്തിൻെറ അസ്ഥിവാരംതന്നെ ഇൻഡോ–സോവിയററ് മൈത്രിയിലാണുറപ്പിച്ചിരിക്കുന്നതെന്നു പറയാം. ആദർശാത്മകമെന്നപോലെ അത്യന്തം പ്രായോഗികംകൂടിയായ ഈ മൈത്രിയുടെ ശില്പികളിൽ പ്രമുഖൻ ലിയനിദ് ബ്രെഷ്നേവ് ആയിരുന്നു.

ബ്രെഷ്നേവിൻെറ മരണംമൂലം ലോകത്തിന് സമുന്നതനായ ഒരു രാജ്യതന്ത്രജ്ഞനും സോവിയററ് യൂണിയന് മഹാനായ ഒരു രാഷ്ട്രശില്പിയും ഇന്ത്യക്ക് വിലയേറിയ ഒരു സുഹൃത്തും നഷ്ടപ്പെട്ടതായി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രസ്താവിച്ചു. അസാധാരണമായ അർപ്പണബോധവും സ്ഥിരപ്രയത്നവും സിദ്ധികളുമുള്ളതായിരുന്നു അദ്ദേഹത്തിൻെറ ജീവിതമെന്നും, സോവിയററ് ജനതയുടെ ശക്തിയേയും സർഗചേതനയേയും അദ്ദേഹം സമാധാനത്തിലേക്കു നയിച്ചുവെന്നും ഇന്ദിരാഗാന്ധി തുടർന്നു പറഞ്ഞു. എല്ലാ രാഷ്ട്രങ്ങൾക്കും സൗഹാർദത്തോടെ സഹവർത്തിക്കാവുന്ന ഒരു ലോകം നിലവിൽ വരുത്തുന്നതിനാണ് അദ്ദേഹം പരിശ്രമിച്ചിരുന്നതു് എന്ന് ഇന്ദിരാഗാന്ധി കൂട്ടിച്ചേർത്തു. ഇതിലൊന്നും അതിശയോക്തിയുടെ സ്പർശംപോലുമില്ല.

ലോകചരിത്രത്തിൻെറ ഇക്കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിൽ മറേറതൊരു വ്യക്തിയേക്കാളും കൂടുതൽ നിർണായകവും ദൂരവ്യാപകവുമായ സ്വാധീനം ചെലുത്താൻ ലിയനിദ് ബ്രെഷ്നേവിനു കഴിഞ്ഞു. മുതലാളിത്ത–കാർഷിക–വ്യാവസായിക–വ്യവസ്ഥകളോട് മത്സരിക്കാൻ കഴിയുമാറ് സോഷ്യലിസ്റ്റ് കാർഷിക–വ്യാവസായിക–വ്യവസ്ഥകളെ ശാസ്ത്രീയമായി സംഘടിപ്പിച്ചതാണ്, ഒരുപക്ഷേ, അദ്ദേഹത്തിൻെറ ഏററവും വലിയ പ്രായോഗിക നേട്ടം. സ്റ്റാലിനിസത്തിൻെറ കെടുതികൾ ക്രൂഷ്ചേവ് ലോകസമക്ഷം തുറന്നുകാട്ടിയ അവസരത്തിൽ, സോവിയററ് യൂണിയനിൽ സംഭവിക്കാമായിരുന്ന പരാജയമനോഭാവവും ഛിദ്രപ്രവണതകളും ഒഴിവാക്കാൻ കഴിഞ്ഞതും, സോവിയററ് ബ്യൂറോക്രസിയെ കാര്യക്ഷമവും അഴിമതിനിർമുക്തവുമാക്കിയതും, രണവിദഗ്ദ്ധനെന്ന നിലയിൽ ബ്രെഷ്–നേവ് ആർജിച്ച മററു നേട്ടങ്ങളാണ്. വിദേശനയത്തിൽ ലെനിൻെറ തത്ത്വങ്ങളെത്തന്നെ ബ്രെഷ്നേവ് മുറുകെപ്പിടിക്കുകയും, സാമ്രാജ്യങ്ങൾ തകർന്നതിനെത്തുടർന്ന് ലോകരംഗത്തിൽ പ്രത്യക്ഷപ്പെട്ട നവജനാധി

പത്യരാജ്യങ്ങൾക്ക് സാമ്പത്തികവും രാഷ്ട്രീയവുമായ സഹായം ഔദാര്യപൂർവം നൽകുകയും ചെയ്തു. മൂന്നാം ചേരിയിൽപ്പെട്ട രാജ്യങ്ങൾക്ക് അന്താരാഷ്ട്രീയരംഗത്തു് ഇന്നു കാണുന്ന പദവി ഉണ്ടായതു് റഷ്യയുടെ സഹായകരമായ നിലപാടുമൂലമാണ്. യുദ്ധത്തിന്റെ കെടുതികൾ അനുഭവത്തിലൂടെ അറിഞ്ഞ ബ്രെഷ്നേവ് ഇനിയൊരു യുദ്ധം ഉണ്ടാകാതിരിക്കേണ്ടതിന്റെ മർമപ്രാധാന്യം മനസ്സിലാക്കുകയും, ലോകസമാധാനത്തിനായി വിവേകപൂർവം ദൃഢമായും നിരന്തരമായും അദ്ധ്വാനിക്കുകയും ചെയ്തു. പ്രകോപനങ്ങളാൽ അദ്ദേഹം വിചലിതനായില്ല; കൂടിയാലോചനവഴി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സന്ദർഭവും പാഴാക്കിയതുമില്ല. സമാധാനത്തിനുവേണ്ടി ഇടവിടാതെ പ്രയത്നിച്ചുകൊണ്ടിരിക്കെത്തന്നെ, സോവിയററ് സൈന്യത്തെ അദ്ദേഹം നവീകരിച്ചു; അണ്വായുധങ്ങളുടെ കാര്യത്തിൽ അമേരിക്കയോടൊപ്പമെത്തുകയും ചെയ്തു. ശാസ്ത്രരംഗത്തു കൈവരിച്ച നേട്ടങ്ങൾ അന്താരാഷ്ട്രീയതലത്തിൽ സോവിയററ് റഷ്യയുടെ അന്തസ്സ് വർദ്ധിപ്പിച്ചു. ബ്രെഷ്നേവിന്റെ ഭരണകാലത്തു് സാധാരണക്കാരായ സോവിയററ് പൗരന്മാരുടെ ജീവിതനിലവാരം എത്രയോ ഉയർന്നു. സോവിയററ് യൂണിയനിൽ ജനാധിപത്യസ്വാതന്ത്ര്യങ്ങളുടെ മേഖലയിലും വലിയ വികാസം ഇക്കാലത്തുണ്ടായി. കമ്മ്യൂണിസ്റ്റ് ചൈനയുമായുള്ള ബന്ധം സൗഹാർദപരമാക്കാൻ ബ്രെഷ്നേവിന് സാധിച്ചില്ലെന്നതു സത്യംതന്നെ.

മുമ്പു പറഞ്ഞതുപോലെ, പടിഞ്ഞാറെ ഏഷ്യയിലും ആഫ്രിക്കയിലുമുള്ള മുസ്ലിംരാജ്യങ്ങളുമായുള്ള സോവിയററ് യൂണിയന്റെ ബന്ധങ്ങളും സുഖകരങ്ങളായിരുന്നില്ല. ഈ പരാജയങ്ങൾ, പക്ഷേ, സോവിയററ് യൂണിയന്റെ ഏതെങ്കിലും നയവൈകല്യംമൂലം ഉണ്ടായവയല്ല. അത്യന്തം സങ്കീർണമായ അന്താരാഷ്ട്രീയരംഗത്തു് ഇത്രയും നീണ്ട ഒരു കാലയളവിൽ ഇത്രയേറെ നേട്ടങ്ങൾ ആധുനികകാലത്തു് മററൊരു രാഷ്ട്രീയനേതാവിനും കൈവന്നിട്ടില്ല എന്ന വസ്തുത അവശേഷിക്കുകയും ചെയ്യുന്നു.

ലിയനിദ് ബ്രെഷ്നേവിനെത്തുടർന്നു് യൂറി ആന്ദ്രോപോവ് സോവിയററ് യൂണിയന്റെ നേതൃസ്ഥാനത്തേക്കു നിയോഗിക്കപ്പെട്ടിരിക്കുന്നു. ബ്രെഷ്നേവിനെതിരെ ഉയർത്തപ്പെട്ട വെല്ലുവിളികൾ പലതും ഇപ്പോഴും നിലവിലുണ്ട്, സോവിയററ് അതിർത്തിയിൽ. യൂറോപ്പിലെ പല രാജ്യങ്ങളിലും, അധികം താമസിയാതെ അണ്വായുധങ്ങൾ ഘടിപ്പിച്ച റോക്കററുകൾ സ്ഥാപിക്കപ്പെട്ടേക്കാം. അമേരിക്കൻ പ്രോത്സാഹനത്തോടെ ആയുധവല്ക്കരിക്കപ്പെട്ടുവരുന്ന ജപ്പാൻ, സോവിയററ് റഷ്യയുടെ കിഴക്കേ അതിർത്തിയിൽ ഭീഷണികൾ ഉയർത്തിക്കൂടായ്കയില്ല. മുസ്ലിം രാജ്യങ്ങളിൽ പൊതുവേ കാണുന്ന മതരാഷ്ട്രവാദം (ഫണ്ടമെൻറലിസം) സോവിയററ് മുസ്ലിം റിപ്പബ്ലിക്കുകളിലേക്കുകൂടി ആസന്നഭാവിയിൽ വ്യാപിച്ചേക്കാമെന്നു കരുതുന്നവർ കുറവല്ല. ബ്രെഷ്നേവിന്റെ പിൻഗാമികൾ ഈ വെല്ലുവിളികളെ എങ്ങനെയാണു നേരിടുക? തങ്ങളുടെ മുൻഗാമിയുടെ വിവേകവും ദീർഘവീക്ഷണവും അവർ പുലർത്തുമോ? പ്രകോപനങ്ങളെ അതിജീവിച്ച്, ലോകസമാധാനം സുസ്ഥിരമാക്കുന്നതിനുള്ള തങ്ങളുടെ അദ്വിതീയമായ സംഭാവന സോവിയററ് യൂണിയൻ തുടർന്നും നൽകുമോ? മൂന്നാം ചേരിയിൽപ്പെട്ട രാജ്യങ്ങളുടെ ത്വരിതമായ സാമ്പത്തിക വികസനത്തിൽ സോവിയററ് യൂണിയൻ വഹിക്കുന്ന പങ്ക് എന്തായിരിക്കും?

അതെങ്ങനെയായാലും, മഹാനായ മനുഷ്യസ്നേഹിയും പ്രഗത്ഭനായ രാഷ്ട്രതന്ത്രജ്ഞനുമെന്ന നിലയിൽ ലിയനിദ് ബ്രെഷ്നേവ് ലോകചരിത്രത്തിൽ എന്നും സ്മരിക്കപ്പെടാതിരിക്കയില്ല. അദ്ദേഹത്തിന്റെ ഓർമയ്ക്കു മുമ്പിൽ നാം ആദരാഞ്ജലികൾ അർപ്പിക്കുക.

13 നവംബർ, 1982